# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1791** 01.11.2019 -ലെ മറുപടിയ്ക്ക്

**ഏകീകൃത അക്കാഡമിക് കലണ്ടർ**

ചോദ്യം

ശ്രീ. വി.ടി.ബൽറാം

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കലണ്ടർ ഈ അദ്ധ്യയന വർഷം ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | സർക്കാർ, എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക അനുപാതം പരിശോധിച്ച് പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നുണ്ട്. |
| (ഡി) | ഓരോ സെമസ്റ്ററിലും തൊണ്ണൂറ് അദ്ധ്യായന ദിവസം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) | ഓരോ അദ്ധ്യയനവർഷവും പുറപ്പെടുവിക്കുന്ന അക്കാദമിക കലണ്ടറിൽ ഓരോ സെമസ്റ്ററിലും 90 ദിവസത്തിൽ കുറവുവന്നാൽ, ശനിയാഴ്ചകളിലും അവധി ദിവസങ്ങളിലും ക്ലാസുകൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.